## തിരുവനന്തപുരം ജില്ലയിൽ മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ

218(6743) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ മൃഗസംരക്ഷണ വകുപ്പ് നിലവിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ വിശദമാക്കാമോ?

തിരുവനന്തപുരം ജില്ലയിൽ മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ്, അനിമൽ ഹെൽത്ത് ക്യാമ്പ്, കമേഴ്സ്യൽ ഗോട്ടറി ട്രെയിനിംഗ്, കുട്ടികൾക്കായുള്ള അവെയർനെസ്സ് പ്രോഗ്രാം, ഇൻഫെർട്ടിലിറ്റി ക്യാമ്പ്, ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റി, ഡക്ക് നഴ്സറി, മിൽക്കിംഗ് മെഷീൻ സ്ഥാപിക്കൽ, താലൂക്കതല സംരംഭകത്വ പ്രോഗ്രാം, മോഡൽ പഞ്ചായത്ത്, രാത്രികാല അടിയന്തര മൃഗചികിത്സാ സേവന പദ്ധതി, സീറോ സർവ്വെയലൻസ് ക്യാമ്പ്, റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള ആട് വളർത്തൽ പദ്ധതി, കിടാരി വളർത്തൽ പദ്ധതി, അടുക്കള മുറ്റത്തെ കോഴി വളർത്തൽ പദ്ധതി, താറാവ് വളർത്തൽ പദ്ധതി, ശാസ്ത്രീയ തൊഴുത്ത് നിർമ്മാണം, തീറ്റപ്പുൽക്കൃഷി വികസനം.

(ബി) കന്നുകാലികളെ ശാസ്ത്രീയമായി പരിപാലിക്കാൻ ചെറുകിട ക്ഷീരകർഷകരെ പ്രാപ്തരാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

കന്നുകാലികളെ ശാസ്ത്രീയമായി പരിപാലിക്കാൻ ചെറുകിട ക്ഷീര കർഷകരെ പ്രാപ്തരാക്കുന്നതിനുവേണ്ടിയുള്ള വിവിധ പരിശീലന പരിപാടികൾ എൽ.എം.ടി.സി. കുടപ്പനക്കുന്ന് മുഖേന നടപ്പാക്കിവരുന്നു.

(സി) ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ മൃഗപരിപാലനം സംബന്ധിച്ച ക്ലാസ്സുകൾ ക്ഷീരകർഷകർക്കുവേണ്ടി സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

പരിശോധിച്ചുവരുന്നു.

## മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതികൾ

219 (6744) ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷം മുതൽ 2020-21 സാമ്പത്തിക വർഷം

LIBRARY ARCHIVES Kerala Legislative Assembly